SUNDAY 15/02/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/02/2026

1. സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും പുതിയ സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2026 തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ഗ്രൗണ്ടിൽ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് വിവിധ കാർഷിക അനുബന്ധ വിഷയങ്ങളിൽ സെമിനാറുകളും മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങൾ, ഉല്പാദനോപാധികൾ, നടീൽ വസ്തുക്കൾ എന്നിവ കേന്ദ്രീകരിച്ച് 250-ലധികം സ്റ്റാളുകൾ ഉൾപ്പെടുത്തിയ വിപുലമായ കാർഷിക പ്രദർശനമാണ് നടക്കുന്നത്. കൂടാതെ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ പ്രമുഖ കലാകാരൻമാർ അണിനിരക്കുന്ന കലാപരിപാടികളും അരങ്ങേറും.

2. പരമ്പരാഗത പാരമ്പര്യേതര മേഖലകളിലെ റബ്ബർതോട്ടങ്ങളിൽ 2026-ൽ പൊടിക്കുമിൾ രോഗത്തിനെതിരെ പ്രതിരോധ നടപടിയായി

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗന്ധകം അടിച്ചതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ് സൈറ്റ് വഴി 'സർവീസ് പ്ലസ്' പോർട്ടലിൽ പ്രവേശിച്ച് 2026 ഫെബ്രുവരി 10 മുതൽ 20 വരെയുള്ള തീയതികളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) ,ഫോൺ നമ്പർ 04812576622.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ വെച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏകദിന പരിശീലനം നൽകുന്നു. **2026 ഫെബ്രുവരി 16-ാം തീയതി** രാവിലെ 10:30-നാണ് പരിശീലനം ആരംഭിക്കുന്നത്. ഉത്പന്ന നിർമ്മാണത്തിൽ താല്പര്യമുള്ളവർക്കും സംരംഭകർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. **രജിസ്ട്രേഷൻ ഫീസ്:** 590 രൂപ. കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിനും **9995418772** എന്ന **ഫോൺ** നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (2026 ഫെബ്രുവരി 17-ാം തീയതി) വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 20, 21 തീയതികളിൽ പശു വളർത്തൽ എന്ന വിഷയത്തിലും ഫെബ്രുവരി 23, 24 തീയതികളിൽ പന്നി വളർത്തൽ എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദേശം

6. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം